2024
JANUARY
29
MONDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## ഗ്യാൻവ്യാപിയിലെ നിലവറ തുറക്കണം: സുപ്രീംകോടതിയിൽ ഹർജി

**ന്യൂഡൽഹി:** ഗ്യാൻവ്യാപിയിലെ നിലവറകൾ തുറക്കുന്ന കാര്യം അടിയന്തരമായി പരിഗണിക്കണമെന്ന് ആവശ്യപ്പെട്ട് സുപ്രീംകോടതിയിൽ ഹർജി. ഗ്യാൻവ്യാപിയുമായി ബന്ധപ്പെട്ട സുപ്രധാന തെളിവുകൾ നിലവറയിലുണ്ടെന്നും പുരാവസ്തു ഗവേഷണ വകുപ്പിന് സർവേ നടത്താൻ നിർദേശം നൽകണമെന്നുമാണ് ഹർജിയിലെ ആവശ്യം.

ഹിന്ദുമത വിശ്വാസികളായ വനിതകളാണ് സുപ്രീംകോടതിയെ സമീപിച്ചിരിക്കുന്നത്. ഗ്യാൻവ്യാപിയിലെ പത്ത് നിലവറകൾ തുറക്കണമെന്നാണ് ഹർജിയിൽ ആവശ്യപ്പെട്ടിരിക്കുന്നത്. കാശി വിശ്വനാഥക്ഷേത്രത്തോടുചേർന്ന ഗ്യാൻവ്യാപി പള്ളിസമുച്ചയത്തിൽ ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ നടത്തിയ ശാസ്ത്രീയപരിശോധനയുടെ റിപ്പോർട്ടിലെ വിശദാംശങ്ങൾ ഹിന്ദുവിഭാഗം അഭിഭാഷകർ കഴിഞ്ഞദിവസം വെളിപ്പെടുത്തിയിരുന്നു.

പള്ളിയുടെ സ്ഥാനത്ത് ഹൈന്ദവ ക്ഷേത്രം നിലനിന്നിരുന്നതായി ആർക്കിയോളജിക്കൽ സർവേ റിപ്പോർട്ടിലുണ്ടെന്ന് ഹിന്ദുവിഭാഗം അഭിഭാഷകൻ വിഷ്ണു ശങ്കർ ജയിൻ പറഞ്ഞിരുന്നു.

### ഹമാസ് ഭീകരർക്കൊപ്പംചേർന്ന് ഇസ്രയേലിനെ ആക്രമിച്ചു

## യുഎൻ ഏജൻസിക്കുള്ള സഹായം ലോകരാജ്യങ്ങൾ നിർത്തി

**ജറുസലേം:** ഐക്യരാഷ്ട്ര സംഘടനയുടെ ഏജൻസിയായ യുഎൻ ആർഡബ്ല്യുഎയ്ക്കുള്ള സാമ്പത്തിക സഹായം ലോകരാജ്യങ്ങൾ നിർത്തിവച്ചു. ഇസ്രായേലിലുണ്ടായ ഭീകരാക്രമണത്തിൽ ഹമാസ് ഭീകരർക്കൊപ്പം യുഎൻആർഡബ്ല്യുഎ ഉദ്യോഗസ്ഥർ പങ്കെടുത്തെന്ന് ആരോപിച്ചാണ് അമേരിക്ക, ബ്രിട്ടൻ ഉൾപ്പെടെയുള്ള രാജ്യങ്ങളുടെ നീക്കം. പാലസ്തീൻ ജനതയുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന യുഎൻ ഏജൻസിയാണ് യുഎൻ ആർഡബ്ല്യുഎ. ലോകരാജ്യങ്ങളുടെ സഹായം നിലച്ചാൽ ഏജൻസിയുടെ മുന്നോട്ടുള്ള പ്രവർത്തനം പരുങ്ങലിലാകും.അമേരിക്കയേയും ബ്രിട്ടനെയും കൂടാതെ ജർമനി, ഇറ്റലി, നെതർലൻഡ്സ്, സ്വിറ്റ്സർലൻഡ്, ഫിൻലൻഡ്, ഓസ്ട്രേലിയ, കാനഡ തുടങ്ങിയ രാജ്യങ്ങളാണ് യുഎൻആർഡബ്ല്യുഎയ്ക്കുള്ള സഹായം നിർത്തിയത്. അമേരിക്ക, ഓസ്ട്രേലിയ, കാനഡ രാജ്യങ്ങൾ നേരത്തെ തന്നെ ഫണ്ടിങ് നിർത്തിവച്ചിരുന്നു.



ഇസ്രായേലിൽ 1,140 പേരുടെ മരണത്തിനിടയാക്കിയ, ഒക്ടോബർ ഏഴിലെ ഭീകരാക്രമണത്തിൽ ഹമാസിനൊപ്പം യുഎൻആർഡബ്ല്യുഎയിലെ 12 ഉദ്യോഗസ്ഥർ പങ്കെടുത്തതിന്റെ തെളിവുകളാണ് പുറത്തുവന്നത്. ഇതിൽ ഏജൻസികൾ അന്വേഷണം ആരംഭിച്ചു. ലോകരാജ്യങ്ങളുടെ നീക്കത്തിലെ അപകടം മുന്നിൽകണ്ട് ഐക്യരാഷ്ട്രസഭാ സെക്രട്ടറി ജനറൽ അഭ്യർത്ഥനയുമായി രംഗത്തെത്തി. ലോകരാജ്യങ്ങളുടെ ആശങ്കകൾ മനസിലാക്കുന്നു. യുഎൻആർഡബ്ല്യുഎയിലെ ഉദ്യോഗസ്ഥരുടെ മേൽ ഉന്നയിക്കുന്ന ആരോപണങ്ങൾ ഞെട്ടലുണ്ടാക്കുന്നതാണ്. യുഎൻആർഡബ്ല്യുഎയുടെ പ്രവർത്തനങ്ങൾ തുടർന്നു കൊണ്ടുപോകുന്നതിന്, സഹായം നിർത്തിവച്ച രാജ്യങ്ങളോട് അപേക്ഷിക്കുകയാണ്. ആരോപണ വിധേയരായ ഉദ്യോഗസ്ഥർ അവർ ചെയ്തതിന്റെ അനന്തരഫലം അനുഭവിക്കണം. എന്നാൽ, യുഎൻ ആർഡബ്ല്യുഎയ്ക്കായി, വളരെ അപകടകരമായ സാഹചര്യത്തിൽ ജോലി ചെയ്യുന്ന സ്ത്രീകളുൾപ്പെടെയുള്ള പതിനായിരക്കണക്കിന് ജീവനക്കാരുണ്ട്. അവരെ കൂടി ശിക്ഷിക്കരുതെന്ന് അന്റോണിയെ ഗുട്ടറസ് അഭ്യർത്ഥിച്ചു. ആരോപണ വിധേയരായ 12 പേർക്കെതിരെയും യുഎൻ അന്വേഷണം ആരംഭിച്ചു. ഒൻപത് പേരെ പുറത്താക്കി. ഒരാൾ മരിച്ചു. മറ്റ് രണ്ടു പേരെ തിരിച്ചറിയാനുള്ള നടപടികൾ പുരോഗമിക്കുകയാണെന്നും അദ്ദേഹം വ്യക്തമാക്കി.

എന്നാൽ ഗുട്ടറസിന്റെയും യുഎൻ ഉദ്യോഗസ്ഥരുടെയും അഭ്യർത്ഥനയ്ക്ക് പിന്നാലെ ബ്രിട്ടൻ സഹായം നിർത്തി വയ്ക്കുന്നതായി പ്രഖ്യാപിച്ചു. യുഎൻആർഡബ്ല്യുഎ ഉദ്യോഗസ്ഥരുടെ പ്രവൃത്തിയെ അപലപിക്കുകയും ചെയ്തു.

## നിതീഷ് കുമാർ വീണ്ടും മുഖ്യമന്ത്രിയായി അധികാരമേറ്റു

**പാറ്റ്ന:** ബിഹാറിൽ എൻഡിഎ മുന്നണിക്കൊപ്പം ചേർന്ന് ജെഡിയു അധ്യക്ഷൻ നിതീഷ് കുമാർ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു. രാജ്ഭവനിൽ നടന്ന ചടങ്ങിൽ ഗവർണർ രാജേന്ദ്ര അർലേകർ സത്യവാചകം ചൊല്ലികൊടുത്തു.

പല സഖ്യങ്ങളുടെയും ഭാഗമായി ഒൻപത് തവണയാണ് നിതീഷ് മുഖ്യമന്ത്രിയായി അധികാരമേറ്റത്. ബിജെപി സംസ്ഥാന അധ്യക്ഷൻ സാമ്രാട്ട് ചൗധരിയും പ്രതിപക്ഷ നേതാവായിരുന്ന വിജയ്കുമാർ സിൻഹയും ഉപമുഖ്യമന്ത്രിമാരായും സത്യപ്രതിജ്ഞ ചെയ്തു. ഇവരെ കൂടാതെ ആറ് മന്ത്രിമാരും അധികാരമേറ്റിട്ടുണ്ട്.

ചടങ്ങിൽ പങ്കെടുക്കുന്നതിനായി ബിജെപി ദേശീയ അധ്യക്ഷൻ ജെ.പി.നഡ്ഡ ഡൽഹിയിൽ നിന്നും ബിഹാറിലെത്തിയിരുന്നു.

രണ്ട് വർഷത്തിനിടെ ഇത് രണ്ടാം തവണയാണ് നിതീഷ് മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യുന്നത്. 2022ൽ എൻഡിഎ സഖ്യം ഉപേക്ഷിച്ച് മഹാസഖ്യത്തിൽ ചേർന്ന് മുഖ്യമന്ത്രിയായ നിതീഷ് ഇന്നലെ രാവിലെയാണ് സർക്കാർ പിരിച്ചുവിട്ട് രാജി സമർപ്പിച്ചത്.

## നീണ്ട കോടതി അവധികളെക്കുറിച്ച് പുനർവിചിന്തനം നടത്തണം: സുപ്രീംകോടതി ചീഫ് ജസ്റ്റിസ്



**ന്യൂദൽഹി:** കോടതികൾ കൂടുതൽ ദിവസങ്ങൾ അവധിയെടുക്കുന്ന രീതിയെക്കുറിച്ച് ചർച്ച ആവശ്യമാണെന്നു സൂചിപ്പിച്ച് സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ്. സുപ്രീംകോടതിയുടെ വജ്രജൂബിലി ആഘോഷത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

നീണ്ട കോടതി അവധികളെക്കുറിച്ച് പുനർവിചിന്തനം നടത്തണം. നീണ്ട അവധിക്കാലത്തെക്കുറിച്ചുള്ള സംഭാഷണം ആരംഭിക്കാം, അഭിഭാഷകർക്കും ജഡ്ജിമാർക്കും ഫ്ളെക്സിടൈം പോലുള്ള ബദലുകൾ സാധ്യമാണോ എന്നു പരിശോധിക്കാം. വാദങ്ങളുടെ ദൈർഘ്യം ഒരു കേസിന്റെ ഫലം വൈകുന്നില്ലെന്ന് ഉറപ്പാക്കണമെന്നും അദ്ദേഹം അഭിഭാഷകരോട് ആവശ്യപ്പെട്ടു.

കേസ് മാറ്റിവയ്ക്കുന്ന സംസ്കാരത്തിൽ നിന്ന് പുറത്തു കടന്ന് പ്രൊഫഷണലിസത്തിന്റെ സംസ്കാരത്തിലേക്ക് നീങ്ങണമെന്നും ചീഫ് ജസ്റ്റിസ് ആവശ്യപ്പെട്ടു. സമീപ ഭാവിയിൽത്തന്നെ ജുഡീഷ്യറിയെ ബാധിക്കുന്ന ഘടനാപരമായ പ്രശ്നങ്ങൾ, കേസുകളുടെ തീർപ്പുകൽപ്പിക്കൽ, പഴയ നടപടി ക്രമങ്ങൾ, കേസ് മാറ്റിവയ്ക്കൽ സംസ്കാരം എന്നിവ പരിഹരിക്കണം, ചീഫ് ജസ്റ്റിസ് നിർദേശിച്ചു.



## പെഡിക്കോൺ-2024 സമാപിച്ചു

# ആഗോള താപനം ശിശുക്കളുടെ ആരോഗ്യത്തെ ബാധിക്കുമെന്ന് 'പെഡിക്കോൺ-2024'

**കൊച്ചി:**കുട്ടികളുടെ ആരോഗ്യസംരക്ഷണത്തിന് ആഗോളതാപനം നിയന്ത്രിക്കാനുള്ള മുൻകരുതൽ അനിവാര്യമാണെന്നും അനുയോജ്യമായ നടപടികൾ സ്വീകരിച്ചില്ലെങ്കിൽ ഭാവിയിൽ നവജാത ശിശുക്കളുടെ അടക്കം വളർച്ചാ ഘട്ടങ്ങളിൽ ആരോഗ്യത്തെ വലിയ തോതിൽ ബാധിക്കാൻ സാധ്യതയുണ്ടെന്നും കൊച്ചിയിൽ നാലു ദിവസമായി നടന്നുവന്ന ശിശുരോഗ വിദഗ്ദരുടെ സംഘടനയായ ഇന്ത്യൻ അക്കാഡമി ഓഫ് പീഡിയാട്രിക്സ്(ഐ.എ.പി)ന്റെ 61 ാമത് ദേശീയ സമ്മേളനം ' പെഡിക്കോൺ2024 ' മുന്നറിയിപ്പു നൽകി.

ആഗോള താപനവും അന്തരീക്ഷ മലിനീകരണവും മാനവരാശിയെയും ജീവജാലങ്ങളെയും പ്രതികൂലമായി ബാധിക്കുന്ന സാഹചര്യത്തിൽ പ്രകൃതിയെ സംരക്ഷിക്കുന്നതിന് മുൻതൂക്കം കൊടുക്കണം.ജീവിത ശൈലി രോഗളുടെ പ്രധാന കാരണം മനുഷ്യർ പ്രകൃതിയിൽ നിന്നും അകലുന്നതാണ്. കുട്ടികൾ പോലും ജീവിത ശൈലീ രോഗങ്ങൾക്ക് അടിമപ്പെടുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഫാസ്റ്റ് ഫുഡ് സംസ്ക്കാരം കുട്ടികളുടെ ആരോഗ്യത്തെ വലിയ രീതിയിൽ ബാധിക്കുന്നുണ്ട്. ഇക്കാര്യങ്ങളിൽ എല്ലാം ബോധവൽക്കരണം അനിവാര്യമാണെന്നും ശിശുരോഗ വിദഗ്ദർ ചൂണ്ടിക്കാട്ടി. അന്തരീക്ഷ മലിനീകരണം കുട്ടികളെ വലിയ തോതിൽ ബാധിക്കുന്നുണ്ട്.ഇന്നത്തെ കുട്ടികളാണ് നാളത്തെ തലമുറ. അതുകൊണ്ടുതന്നെ കുട്ടികളുടെ ആരോഗ്യ സംരക്ഷണം അതിപ്രധാനമാണ്.അതിന് നാം തയ്യാറായില്ലെങ്കിൽ ഭാവിയിൽ വലിയ പ്രത്യാഘാതങ്ങളായിരിക്കും നേരിടേണ്ടി വരിക. പ്രകൃതിയെ സംരക്ഷിയ്ക്കുകയും ഒപ്പം കുട്ടികളെ പ്രകൃതിയുമായി ഇണങ്ങി ജീവിക്കാൻ പ്രാപ്തരാക്കുകയും ചെയ്യണമെന്നും സമ്മേളനം നിർദ്ദേശിച്ചു.കുട്ടികൾ പ്രായപൂർത്തിയാകുന്നതുവരെ മാതാപിതാക്കളുടെ തണലിൽ കഴിയുന്നവരാണ്.



കൊച്ചി ഗ്രാന്റ് ഹയാത്തിൽ നടന്നുവന്ന ഇന്ത്യൻ അക്കാഡമി ഓഫ് പീഡിയാട്രിക്സ്(ഐ.എ.പി)ന്റെ 61 ാമത് ദേശീയ സമ്മേളനം ' പെഡിക്കോൺ2024 ' സമാപന സമ്മേളനത്തിൽ ഓർഗനൈസിംഗ് കമ്മിറ്റി ചെയർമാൻ ഡോ.എസ്. സച്ചിദാനന്ദ കമ്മത്ത് അധ്യക്ഷ പ്രസംഗം നടത്തുന്നു. ഡോ, അതനു ബദ്ര,ഡോ. ജി വി ബസവരാജ്, ,ഡോ.വസന്ത്.എം ഖലേത്കർ, ഡോ. ആർ. രമേഷ് കുമാർ, ഡോ. എം നാരായണൻ, ഡോ. എം.ഐ ജുനൈദ് റഹ്മാൻ,ഡോ.എം. വേണുഗോപാൽ,ഡോ. അബ്രാഹം കെ. പോൾ, ഡോ.സജിത് ജോൺ തുടങ്ങിയവർ സമീപം

അതു കൊണ്ടുതന്നെ കുട്ടികളുടെ ആരോഗ്യസംരക്ഷണത്തിൽ മാതാപിതാക്കൾക്ക് നിർണ്ണായക പങ്കാണുള്ളതെന്നും വീടുകളിൽ നിന്നും ബോധവൽക്കരണം ആരംഭിക്കണമെന്നും സമ്മേളനം വിലയിരുത്തി. രാജ്യത്തിന്റെ വിവിധ സംസ്ഥാനങ്ങളിൽ നിന്നായി ഏഴായിരത്തിലധികം ശിശുരോഗ വിദഗ്ദരാണ് സമ്മേളനത്തിൽ പങ്കെടുത്തത്. സമ്മേളനത്തിൽ കുട്ടികളുടെ ആരോഗ്യ സംരക്ഷണവുമായി ബന്ധപ്പെട്ട് 600 ലധികം പ്രബന്ധങ്ങൽ അവതരിപ്പിച്ചു.

12 വേദികളിലായി വിവിധ വിഷയങ്ങളിൽ നടന്ന സെമിനാറുകൾക്ക് ഇന്ത്യയിൽ നിന്നും അമേരിക്ക അടക്കമുള്ള വിദേശ രാജ്യങ്ങളിൽ നിന്നായി 1200 ലധികം വിദഗ്ദ ഡോക്ടർമാർ നേതൃത്വം നൽകി. സമാപന സമ്മേളനം ഐ.എ.പി ദേശീയ പ്രസിഡന്റ് ഡോ. ജി വി ബസവരാജ് ഉദ്ഘാടനം ചെയ്തു.ഓർഗനൈസിംഗ് കമ്മിറ്റി ചെയർമാൻ ഡോ. സച്ചിദാനന്ദ കമ്മത്ത് അധ്യക്ഷത വഹിച്ചു.

പ്രസിഡന്റ് ഇലക്ട് ഡോ.വസന്ത്.എം ഖലേത്കർ,ട്രഷറർ ഡോ, അതനു ബദ്ര, ഐ.എ.പി കേരള പ്രസിഡന്റ് ഡോ.ഷിമ്മി പൗലോസ്, കൊച്ചി ചാപ്റ്റർ പ്രസിഡന്റ് ഡോ.എം.എസ് നൗഷാദ്, ഓർഗനൈസിംഗ് കമ്മിറ്റി സെക്രട്ടറി ഡോ. എം നാരായണൻ, ട്രഷറർ ഡോ. എം.ഐ ജുനൈദ് റഹ്മാൻ, ഡോ.എം. വേണുഗോപാൽ,ഡോ. അബ്രാഹം കെ. പോൾ,ഡോ. ആർ. രമേഷ് കുമാർ, ഡോ.സജിത് ജോൺ, ഡോ.ഡി. ബാലചന്ദ് തുടങ്ങിയവർ സംസാരിച്ചു.

## പെഡിക്കോൺ 2024: കേരളത്തിന്റെ സാമ്പത്തിക മേഖലയ്ക്ക് സമ്മാനിച്ചത് പുത്തനുണർവ്

**കൊച്ചി:** ശിശുരോഗ വിദഗ്ദരുടെ സംഘടനയായ ഇന്ത്യൻ അക്കാഡമി ഓഫ് പീഡിയാട്രിക്സ്(ഐ.എ.പി)ന്റെ ദേശീയ സമ്മേളനം 'പെഡിക്കോൺ-2024 'കേരളത്തിന്റെ ടൂറിസം അടക്കമുള്ള വിവിധ മേഖലകൾക്ക് സമ്മാനിച്ചത് വൻ സാമ്പത്തിക മുന്നേറ്റമെന്ന് വിലയിരുത്തൽ.രാജ്യത്തിന്റെ വിവിധ സംസ്ഥാനങ്ങളിൽ നിന്നായി ഏഴായിരത്തിലധികം ഡോക്ടർമാരും അവരുടെ കുടുംബാംഗങ്ങളുമടക്കം ഇരുപതിനായിരത്തിലധികം പേരാണ് നാലു ദിവസമായി

കൊച്ചിയിൽ നടന്ന സമ്മേളനത്തിൽ പങ്കെടുക്കാൻ ഒഴുകിയെത്തിത്.ഇത് കൊച്ചിയുടെയും ആലപ്പുഴ,കുമരകം,മൂന്നാർ അടക്കമുള്ള വിനോദ സഞ്ചാരമേഖലകൾക്കും ഹോട്ടലുകൾ,മാളുകൾ അടക്കമുള്ള ഷോപ്പിംഗ് കേന്ദ്രങ്ങൾക്കും കൊച്ചി മെട്രോ, വാട്ടർമെട്രോ, ഓട്ടോ,ടാക്സി മേഖലകൾക്കും വലിയ തോതിൽ ഗുണകരമായെന്നാണ് വിലയിരുത്തപ്പെടുന്നത്. കൊച്ചിയുടെ ഗതാഗതത്തെ ബാധിക്കാതെ മറൈൻ ഡ്രൈവിൽ നിന്നും ബോൾഗാട്ടി വരെ വാട്ടർ മെട്രോയിലും അവിടെ നിന്നും ഇ ഓട്ടോകളിലും ടാക്സികളിലുമാണ് പ്രതിനിധികളെ സമ്മേളനവേദിയായ ഗ്രാന്റ് ഹയാത്തിൽ എത്തിച്ചത്.രാവിലെ ഏഴര മുതൽ രാത്രി 11.30 വരെ 15 മിനിറ്റ് ഇടവിട്ട് വാട്ടർമെട്രോ സർവ്വീസ് നടത്തി. പേപ്പർ രഹിതമായി ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ പിൻബലത്തിൽ സംഘടിപ്പിക്കപ്പെട്ട സമ്മേളനമെന്ന ബഹുമതിയും പെഡിക്കോൺ-2024 സ്വന്തമാക്കി. സമ്മേളന നടത്തിപ്പിനായി പ്രത്യേക ആപ്പ് രൂപ കൽപ്പന ചെയ്തിരുന്നു.

ഗതാഗതം,പാർക്കിംഗ്,സമ്മേളന വേദികൾ, വിഷയങ്ങൾ, ഫാക്കൽറ്റികൾ അടക്കം മുഴുവൻ വിവരങ്ങളും ഒറ്റക്ലിക്കിൽ പ്രതിനിധികൾക്ക് ലഭ്യമാകുന്ന വിധത്തിലാണ് ആപ്പ് രൂപ കൽപ്പന ചെയ്തിരുന്നത്. യുവഎൻജിനീയർമാരായ പ്യാരേലാൽ, അനന്ദു എന്നിവരുടെ നേതൃത്വത്തിലുള്ള കൊക്കൊ എന്ന സാർട്ട് അപ്പ് കമ്പനിയാണ് ആപ്പ് നിർമ്മിച്ചത്. രണ്ടു ലക്ഷം സ്ക്വയർ ഫീറ്റിലുള്ള ശീതീകരിച്ച പന്തലാണ് സമ്മേളനത്തിനായി ഹയാത്തിൽ ഒരുക്കിയിരുന്നത്.ആയിരത്തിലധികം തൊഴിലാളികൾ രണ്ടാഴ്ചയോളം സമയമെടുത്താണ് പന്തൽ നിർമ്മിച്ചത്.സമ്മേളനവുമായി ബന്ധപ്പെട്ട് കഴിഞ്ഞ മാർച്ച് മുതൽ മുന്നൊരുക്കങ്ങൾ ആരംഭിച്ചുവെന്ന് ഗ്രാന്റ് ഹയാത്ത് മാനേജർ നിബു മാത്യു പറഞ്ഞു.ഏറ്റവും മികച്ച രീതിയിൽ സമ്മേളനം നടത്തുകയെന്നതായിരുന്നു ലക്ഷ്യം.ഫുഡ് ആന്റ് ബിവറേജ് മേഖലയായിരുന്നു ഏറ്റവും പ്രധാനം.വിവിധ സംസ്ഥാനങ്ങളിൽ നിന്നെത്തുന്നവരുടെ ഭക്ഷണ രീതകളും വ്യത്യസ്തമായിരിക്കും.

അവർക്ക് ഇഷ്ടപ്പെടുന്ന രീതിയിലുള്ള അവരുടേതായ വിഭവങ്ങൾ ഒരുക്കി നൽകുന്നതിനായി ഹയാത്തിന്റെ പ്രത്യേക ഷെഫുമാരുടെ സംഘത്തെയാണ് നിയോഗിച്ചത്.ഇന്ത്യയൊട്ടാകയുള്ള ഹയാത്തിന്റെ ഹോട്ടലുകളിൽ നിന്നായി എത്തിച്ച 300 ലധികം സ്പെഷ്യലിസ്റ്റുകളായ ഷെഫുമാർ ആണ് ഭക്ഷണം ഒരുക്കിയത്. ഇവരെ സഹായിക്കാൻ 300 പേരടങ്ങുന്ന മറ്റൊരു സംഘവും ഉണ്ടായിരുന്നു.ഒരോ ദിവസവും ഓരോ നേരവും വ്യത്യസ്തങ്ങളായ വിഭവങ്ങളാണ് സമ്മേളന പ്രതിനിധികൾക്കും ഗസ്റ്റുകൾക്കുമായി ഒരുക്കിയത്.ഒരോ വിഭവവും ലാബ് പരിശോധന നടത്തി ഉറപ്പുവരുത്തിയതിനു ശേഷമാണ് വിളമ്പിയിരുന്നത്.ഹൗസ് കീപ്പിംഗ് മേഖലയിൽ ഹയാത്തിലെ ജീവനക്കാർ കൂടാതെ ക്ലിനിംഗ് അടക്കമുള്ളവയ്ക്കായി പുറത്തു നിന്നും നൂറിലധികം ആളുകളെയും നിയോഗിച്ചിരുന്നു.സമ്മേളന വേദിയിലടക്കം ലൈറ്റ് ആന്റ് സൗണ്ട് മേഖലയിലും ഏകദേശം 200 ഓളം പേർ ജോലിയെടുത്തു.ട്രാഫിക്ക് നിയന്ത്രണത്തിനായി 60 ഓളം പേരെയും പ്രത്യേകമായി നിയോഗിച്ചിരുന്നു.

ഇത്തരത്തിൽ വിവിധ മേഖലകളിലായി ഏകദേശം ആയിരത്തോളം പേരുടെ പ്രയ്തനമായിരുന്നു സമ്മേളനത്തിന്റെ മൊത്തത്തിലുള്ള വിജയത്തിന്റെ പിന്നിലെന്നും നിബു മാത്യു പറഞ്ഞു. വലിയ തോതിൽ കൊച്ചിയിൽ ഒരു സമ്മേളനം സംഘടിപ്പിച്ചാൽ അത് കൊച്ചിക്കുൾക്കൊള്ളാൻ സാധിക്കുമോയന്ന ആശങ്ക തുടക്കത്തിൽ എല്ലാവർക്കും ഉണ്ടായിരിന്നുന്നുവെന്നും എന്നാൽ മികച്ച മുന്നൊരുക്കം ഉണ്ടായാൽ എത്ര വലിയ സമ്മേളനം നടത്താനും കൊച്ചി പര്യാപ്തമാണെന്ന് പെഡിക്കോൺ-2024 തെളിയിച്ചുവെന്ന് ഓർഗനൈസിംഗ് കമ്മിറ്റി ചെയർമാൻ ഡോ.സച്ചിദാനന്ദ കമ്മത്ത്, സെക്രട്ടറി ഡോ. എം നാരായണൻ, ട്രഷറർ ഡോ. എം.ഐ ജുനൈദ് റഹ്മാൻ എന്നിവർ പറഞ്ഞു.

# കുന്നുകര അഗ്രി പ്രൊഡക്റ്റ്സ് ആന്റ് മാർക്കറ്റിംഗ് യൂണിറ്റ് ഉദ്ഘാടനം ചെയ്തു

**കൊച്ചി:** സഹകരണ മേഖല ജനജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്ത ഘടകമായി മാറിയെന്ന് സഹകരണ വകുപ്പ് മന്ത്രി വി.എൻ വാസവൻ പറഞ്ഞു. ജീവിതത്തിന്റെ നാനാ മേഖലയിലേയും വിശാല സാധ്യതകൾ പ്രയോജനപ്പെടുത്തി ജനോപകാരപ്രദമായ കാര്യങ്ങളാണ് സഹകരണ മേഖല ചെയ്യുന്നതെന്നും മന്ത്രി പറഞ്ഞു. കുന്നുകര സർവീസ് സഹകരണ ബാങ്കിന്റെ അഗ്രി പ്രൊഡക്റ്റ്സ് ആന്റ് മാർക്കറ്റിംഗ് യൂണിറ്റിന്റെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കുന്നുകര സർവീസ് സഹകരണ ബാങ്ക് പുറത്തിറക്കിയ വാക്വം ഫ്രൈഡ് ചിപ്സ് യൂണിറ്റ് ചിപ് കോപ് സഹകരണ മേഖലയ്ക്ക് മുതൽക്കൂട്ടാണ്. ഏത്തക്കായ, മരച്ചീനി എന്നിവയുടെ മൂല്യ വർദ്ധിത ഉത്പന്നങ്ങളാണ് നബാർഡിന്റെ അഗ്രികൾച്ചറൽ ഇൻഫ്രാ സ്ട്രക്ചർ ഫണ്ട് ഉപയോഗിച്ച് വിപണിയിൽ എത്തിച്ചിരിക്കുന്നത്. കാർഷിക, സഹകരണ മേഖലയിൽ വലിയ മുന്നേറ്റം സൃഷ്ടിക്കാൻ ഇതിന് സാധിക്കും. ഭാവിയിൽ രണ്ടു മേഖലകളും പരസ്പര പൂരകങ്ങളായി പ്രവർത്തിച്ചാൽ കർഷകർക്ക് വലിയ നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കുമെന്നും മന്ത്രി പറഞ്ഞു.

എറണാകുളം ജില്ലയിൽ പൊക്കാളി, മരച്ചീനി തുടങ്ങിയവ ഉത്പാദിപ്പിച്ച് വിദേശ രാജ്യങ്ങളിലേക്ക് കയറ്റി അയക്കുന്ന സഹകരണ സംഘങ്ങളുണ്ട്. ഇതിനൊപ്പം ചിപ്പ് കോപ് കൂടിയെത്തുന്നതോടെ ജില്ലയ്ക്ക് വലിയ മുതൽക്കൂട്ടാവും. ഈ നേട്ടത്തിന് പിന്നിൽ നേതൃപരമായ പങ്ക് വഹിച്ച ഭരണസമിതി അംഗങ്ങളെയും ജീവനക്കാരെയും അഭിനന്ദിക്കുന്നതായും മന്ത്രി പറഞ്ഞു.

നിക്ഷേപം സ്വീകരിക്കൽ, വായ്പ നൽകൽ എന്നതിനപ്പുറത്തേക്ക് സഹകരണ മേഖല വളർന്നു കൊണ്ടിരിക്കുകയാണ്. എല്ലാ ജില്ലയിലും സഹകരണ മേഖല ഉത്പന്നങ്ങൾക്കായി കോപ് മാർട്ടുകൾ ആരംഭിച്ചിട്ടുണ്ട്. ഇവിടുത്തെ ഉത്പന്നങ്ങൾ വിലക്കുറവുള്ളതും ജൈവ വൈവിധ്യങ്ങൾ നിറഞ്ഞതുമായിരിക്കും.

കൂടാതെ കേരളത്തിലെ ദുരന്തമുഖങ്ങളിൽ കൈത്താങ്ങായി നിൽക്കാനും സഹകരണ മേഖലയ്ക്ക് കഴിഞ്ഞിട്ടുണ്ട്. കോവിഡ് കാലത്തും പ്രളയ സമയത്തും ജനങ്ങൾക്ക് ആശ്വാസമായി സഹകരണ പ്രസ്ഥാനങ്ങൾ മാറിയെന്നും മന്ത്രി പറഞ്ഞു.

ചടങ്ങിൽ വ്യവസായ വകുപ്പ് മന്ത്രി പി.രാജീവ് അധ്യക്ഷത വഹിച്ചു. കർഷകർക്ക് വരുമാനം നൽകുന്ന പദ്ധതി ഏവർക്കും അഭിമാനകരമാണെന്ന് മന്ത്രി പറഞ്ഞു. ജില്ലയിലെ രണ്ടാമത്തെ മൂല്യ വർദ്ധിത ഫാക്റ്ററിയാണിത്. മാഞ്ഞാലി സഹകരണ ബാങ്ക് കൂവ കൊണ്ടുള്ള ഉത്പന്നങ്ങളാണ് വിപണിയിൽ ഇറക്കിയത്. അടുത്തതായി വെളിയത്തുനാട് സഹകരണ ബാങ്ക് കൂൺ കൊണ്ടുള്ള മൂല്യ വർദ്ധിത ഉത്പന്നങ്ങൾ വിപണിയിൽ ഇറക്കാനുള്ള തയ്യാറെടുപ്പിലാണ്. ഇവയെല്ലാം കാർഷിക മേഖലയെ ഉത്തേജിപ്പിക്കുമെന്നും മന്ത്രി പറഞ്ഞു.

സോളാർ പ്ലാന്റ് ഉദ്ഘാടനം പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ടി.വി പ്രതീഷ് നിർവഹിച്ചു. സഹകരണ ബാങ്ക് പ്രസിഡന്റ് വി.എസ് വേണു, കുന്നുകര ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സൈന ബാബു, സംസ്ഥാന സഹകരണ യൂണിയൻ മെമ്പർ വി.എം ശശി, എറണാകുളം സഹകരണ ജോയിന്റ് രജിസ്ട്രാർ ജോസ്സാൽ ഫ്രാൻസിസ് തോപ്പിൽ, കൃഷിക്ക് ഒപ്പം കളമശ്ശേരി കോ ഓഡിനേറ്റർ എം.പി. വിജയൻ, മറ്റു ജനപ്രതിനിധികൾ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, സഹകരണ ബാങ്ക് ഡയറക്ടർ ബോർഡ് അംഗങ്ങൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.




സി.പി.ഐ നേതാവും തൃശൂർ എം.എൽ.എയുമായ പി.ബാലചന്ദ്രൻ ശ്രീരാമനെയും രാമായണത്തെയും സമൂഹമാധ്യമത്തിലൂടെ അധിക്ഷേപിച്ചതിനെതിരെ വിശ്വഹിന്ദു പരിഷത്ത് കൊച്ചി മഹാനഗരത്തിന്റെ നേതൃത്വത്തിൽ നടത്തിയ പ്രതിഷേധ യോഗം വി.എച്ച്.പി സംസ്ഥാന അധ്യക്ഷൻ വിജി തമ്പി ഉദ്ഘാടനം ചെയ്യുന്നു

# രാമായണ വിരുദ്ധ പരാമർശം: വി.എച്ച്.പി പ്രതിഷേധ പ്രകടനം നടത്തി

**കൊച്ചി:** സി.പി.ഐ നേതാവും തൃശൂർ എം.എൽ.എയുമായ പി.ബാലചന്ദ്രൻ ശ്രീരാമനെയും രാമായണത്തെയും സമൂഹമാധ്യമത്തിലൂടെ അധിക്ഷേപിച്ചതിനെതിരെ വിശ്വഹിന്ദു പരിഷത്ത് കൊച്ചി മഹാനഗരത്തിന്റെ നേതൃത്വത്തിൽ രാമഭക്തർ പ്രതിഷേധ പ്രകടനം നടത്തി.കലൂർ പാവക്കുളം ക്ഷേത്രത്തിൽ നിന്നും ആരംഭിച്ച പ്രതിഷേധ പ്രകടനം കലൂർ ജംഗ്ഷനിൽ സമാപിച്ചു. തുടർന്നു നടന്ന പ്രതിഷേധ യോഗം വി.എച്ച്.പി സംസ്ഥാന അധ്യക്ഷൻ വിജി തമ്പി ഉദ്ഘാടനം ചെയ്തു.സം,സ്ഥാന ഉപാധ്യക്ഷ പ്രസന്ന ബാഹുലേയൻ. വി.എച്ച്.പി എറണാകുളം ജില്ലാ അധ്യക്ഷൻ പി ശ്രീകുമാർ, സംസ്ഥാന ജോയിന്റ് സെക്രട്ടറി അഭീനു സുരേഷ്, വിഭാഗ് സംഘടനാ സെക്രട്ടറി ജയശങ്കർ, വിഭാഗ് സെക്രട്ടറി സജീവ് കുമാർ, ജില്ലാ ഉപാധ്യക്ഷൻ അഡ്വ പ്രശാന്ത് കുമാർ ജോയിന്റ് സെക്രട്ടറി പ്രശാന്ത് വർമ്മ,നന്ദകുമാർ, മാതൃ ശക്തി നിയോഗിക സിന്ധു തുടങ്ങിയവർ സംസാരിച്ചു.



# ഭരണഘടനയെ പ്രമേയമാക്കി ഫോട്ടോ എക്സിബിഷനുമായി കൊച്ചി ലുലു

**കൊച്ചി :** റിപ്പബ്ലിക്ക് ദിനത്തിൽ ഭരണഘടനയെ പ്രമേയമാക്കിയുള്ള വിപുലമായ ഫോട്ടോ എക്സിബിഷനുമായി മാതൃഭൂമി. കൊച്ചി ലുലു മാളിലാണ് ഫോട്ടോ എക്സിബിഷൻ നടന്നത്. ഫുട്ബോൾ താരങ്ങളായ സി.കെ വിനീത്, മുഹമ്മദ് റാഫി, എൻ.പി പ്രദീപ്, റിനോ ആന്റോ എന്നിവർ ചേർന്ന് എക്സിബിഷൻ ഉദ്ഘാടനം ചെയ്തു. ദേശീയശ്രദ്ധ നേടിയ ചിത്രങ്ങളടക്കം പ്രദർശനത്തിൽ ഭാഗമായി. റിപ്പബ്ലിക് ദിന സന്ദേശം വിളിച്ചതോന്നുതായിരുന്നു ഓരോ ചിത്രങ്ങളും. നിരവധി പേരാണ് റിപ്പബ്ലിക് ദിനത്തിൽ പ്രദർശനത്തിൽ പങ്കെടുത്തത്.

ദൃശ്യവിസ്മയം പകർന്ന് ടീം ആരോസ് ഒരുക്കിയ ദേശഭക്തി പ്രമേയമാക്കിയ നൃത്തപരിപാടികളും പ്രദർശനത്തിന്റെ ഭാഗമായി ലുലുവിൽ ഒരുക്കിയിരുന്നു. വർണവിസ്മയം തന്നെ ഒരുക്കി കാഴ്ചക്കാർക്ക് പുത്തൻ അനുഭവം തന്നെ സമ്മാനിക്കുന്നതായിരുന്നു ആരോസിന്റെ ഡാൻസ് പെർഫോമൻസുകൾ. മികച്ച ജനതിരക്കാണ് പരിപാടിയിൽ പ്രകടമായത്. കൂടാതെ, ആഘോഷങ്ങൾക്ക് മാറ്റ് കൂട്ടി വർണാഭമായ കലാപരിപാടികൾ ലുലുവിൽ ഒരുക്കിയിരുന്നു. റിപ്പബ്ലിക്ക് ആഘോഷങ്ങളുടെ ഭാഗമായി ഇന്ത്യൻ സംസ്കാരവും വൈവിധ്യവും പ്രതിനിധീകരിക്കുന്ന ഗ്രേറ്റ് ഇന്ത്യൻ ഉത്സവിന്റെ പ്രദർശനവും ശ്രദ്ധേയമായി. ഇന്ത്യൻ ഉത്പന്നങ്ങൾ എല്ലാം ഒരുകുടക്കീഴിൽ അണിനിരത്തി, രാജ്യത്തിന്റെ വൈവിധ്യത്തിന്റെ നേർകാഴ്ചയാണ് ലുലുവിലെ ഗ്രേറ്റ് ഇന്ത്യൻ ഉത്സവിൽ ഒരുക്കിയിരിക്കുന്നത്. മേക്ക് ഇൻ ഇന്ത്യ ഉത്പന്നങ്ങളുടെ സ്പെഷ്യൽ ഡിസ്പ്ലേ സജ്ജീകരിച്ചിട്ടുണ്ട്. വിവിധ സംസ്ഥാനങ്ങളിലെ ഭക്ഷ്യവിഭവങ്ങളും വ്യത്യസ്ഥമായ രുചികൂട്ടുകളും പരിചയപ്പെടുത്തിയുള്ള സ്പെഷ്യൽ ഫുഡ് കൗണ്ടറിലും മികച്ച തിരക്കാണ് അനുഭവപ്പെടുന്നത്.

# ഹാർബർ എൻജിനീയറിങ് വകുപ്പിന്റെ ചെല്ലാനം സബ് ഡിവിഷൻ ഓഫീസ് ഉദ്ഘാടനം ചെയ്തു

**കൊച്ചി :**ചെല്ലാനത്തിന്റെ വികസനക്കുതിപ്പിൽ നാഴികക്കല്ലാണ് ഫിഷിങ് ഹാർബറെന്ന് കെ.ജെ മാക്സി എം.എൽ.എ. ഹാർബർ എൻജിനീയറിങ് വകുപ്പിന്റെ ചെല്ലാനം സബ് ഡിവിഷൻ ഓഫീസ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ചെല്ലാനം ഫിഷിങ് ഹാർബർ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഡിപിആർ സ്കീമിൽ 500 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചതിൻ പ്രകാരം 120 മീറ്റർ വീതമുള്ള രണ്ട് പുലിമുട്ടുകൾ 543.36 ലക്ഷം രൂപ ചിലവിൽ പൂർത്തിയാക്കി. പദ്ധതിയുടെ രണ്ടാംഘട്ട വികസനത്തിനായി 2990 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും 30 മീറ്റർ വടക്കേ പുലിമുട്ട് 450 മീറ്റർ തെക്കേ പുലിമുട്ട് എന്നിവ പൂർത്തിയാക്കുകയും ചെയ്തു.

ഹാർബറിന്റെ മൂന്നാംഘട്ട വികസനത്തിനായി 50 മീറ്റർ ലേലപ്പുര, 50 മീറ്റർ ലോ ലെവൽ ജെട്ടി, നെറ്റ് മെൻഡിങ് ഷെഡ്, കാന്റീൻ, 5 ലോക്കർ റൂം, 5 കടമുറികൾ, 10 റൂമുകൾ, ഓവർ ഹെഡ് ടാങ്ക്, അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ് എന്നിവ നിർമ്മിക്കുന്നതിനായി 13.43 കോടി രൂപ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ ഉൾപ്പെടുത്തിയാണ് ചെല്ലാനം ഫിഷിങ് ഹാർബറിന്റെ വികസന പ്രവർത്തനങ്ങൾക്കും നടത്തിപ്പിനും മേൽനോട്ടത്തിനുമായി രൂപീകരിച്ച ഹാർബർ എൻജിനീയറിങ് വകുപ്പിന്റെ ചെല്ലാനം സബ് ഡിവിഷൻ ഓഫീസ് നിർമ്മാണം പൂർത്തീകരിച്ചത്.ചെല്ലാനം നിവാസികളുടെ ഏറെ നാളത്തെ ആഗ്രഹമായ ഫിഷിംഗ് ഹാർബർ യാഥാർത്ഥ്യമായി മുന്നോട്ടു പോകുമ്പോൾ നിരവധിപേർക്കാണ് തൊഴിൽ ലഭിച്ചത്. ഹാർബറിന്റെ വികസനത്തിൽ ഓഫീസ് അത്യന്താപേക്ഷിതമായ ഘടകമാണെന്നും കൊച്ചി മണ്ഡലം നവകേരള സദസ്സിൽ ലഭിച്ച പരാതികൾ നടപടിക്രമങ്ങളുമായി മുന്നോട്ടു പോകുകയാണെന്നും എം.എൽ.എ പറഞ്ഞു.ചെല്ലാനം പഞ്ചായത്ത് പ്രസിഡന്റ് കെ.ഡി പ്രസാദ് അധ്യക്ഷത വഹിച്ച ചടങ്ങിൽ പഞ്ചായത്ത് അംഗങ്ങളായ സീമ ബിനോയ്, സിംല ജോസി, ഹാർബർ എൻജിനീയറിങ് സൂപ്രണ്ടിംഗ് എൻജിനീയർ വിജി കെ തട്ടാമ്പുറം, ഫിഷറീസ് ജോയിൻ ഡയറക്ടർ എസ്. മഹേഷ് തുടങ്ങിയവർ പങ്കെടുത്തു.



## ഓപ്പറേഷൻ ഉണർവ് 2024 ;ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടി

**കൊച്ചി:**കൊച്ചി സിറ്റി പോലീസും, പൊതുവിദ്യാഭ്യസ വകുപ്പ് ചേർന്ന് സംഘടിപ്പിച്ച ഓപ്പറേഷൻ ഉണർവ് 2024 എന്ന പേരിൽ ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടിയുടെ ജില്ലാ തല ഉദ്ഘാടനം കണ്ടക്കടവ് പുത്തൻ തോട് ഗവ: ഹയർ സെക്കൻഡറി സ്കൂളിൽ നടന്നു. കൊച്ചി സിറ്റി പോലീസ് കമ്മീഷണർ എ അക്ബർ ഉദ്ഘാടനം ചെയ്തു.കൊച്ചി സിറ്റി അസി.കമ്മീഷണർമാരായ ടി ആർ ജയകുമാർ,പയസ് ജോർജ് , അബ്ദുൾ സലാം, എന്നിവർ വിശിഷ്ട അതിഥികളായിരുന്നു,

സ്കൂൾ പിടിഎ പ്രസിഡന്റ് പ്രിൻസൻ അദ്ധ്യക്ഷത വഹിച്ചു. കൊച്ചി സിറ്റി അസി.കമ്മീഷണർ കെ.എസ് സുദർശൻ മുഖ്യ പ്രഭാഷണം നടത്തി.മട്ടാഞ്ചേരി എഇഒ. സുധ , മട്ടാഞ്ചേരി അസ്സി: കമ്മീഷണർ കെ.ആർ മനോജ്, പിടിഎ വൈസ് പ്രസിഡന്റ് ആന്റണി ഷീലൻ. പ്രിൻസിപ്പാൾ ഹേമലത തുടങ്ങിയവർ സംസാരിച്ചു.പുത്തൻതോട് ഡജ സ്കൂളിലെ 250 ഓളം കുട്ടികൾ ടി പരിപാടിയിൽ പങ്കെടുത്തു. ലഹരി വിരുദ്ധ ബോധവൽക്കരണത്തിന്റെ ഭാഗമായി ഷോർട്ട് ഫിലിം ഡോക് മെൻഡറി പ്രദർശിപ്പിച്ചു, തുടർന്ന് കണ്ണമാലി പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ സിജിൻ മാത്യു കുട്ടികൾക്കായി ലഹരി വിരുദ്ധ സത്യപ്രതിജ്ഞ ചൊല്ലി കൊടുത്തു.

## 5ജി നവീകരണം:റിലയൻസ് ജിയോയും വൺപ്ലസ് ഇന്ത്യയും ഒരുമിക്കുന്നു




**കൊച്ചി/ ബാംഗ്ലൂർ:** ഇന്ത്യയിലെ ഏറ്റവും വലിയ ഡിജിറ്റൽ സേവന കമ്പനിയായ റിലയൻസ് ജിയോയും അത്യാധുനിക സാങ്കേതികവിദ്യയിൽ മുൻനിരയിലുള്ള ബ്രാൻഡായ വൺപ്ലസും ഇന്ത്യയിൽ 5ജി സാങ്കേതിക വിദ്യയുടെ മുഴുവൻ സാധ്യതകളും ഉപയോഗപ്പെടുത്തുന്നതിന് ലക്ഷ്യമിട്ടുള്ള ഒരു തന്ത്രപരമായ പങ്കാളിത്തം പ്രഖ്യാപിച്ചു. ഈ സഹകരണം ഉപയോക്താക്കൾക്ക് പുതിയ അനുഭവങ്ങൾ നൽകുന്നതിന് ജിയോയുടെയും വൺപ്ലസിന്റെയും സാങ്കേതിക നവീകരണവും അടിസ്ഥാന സൗകര്യങ്ങളും ഒരുമിച്ച് കൊണ്ടുവരുമെന്നും ജിയോ അധികൃതർ വ്യക്തമാക്കി.വൺ പ്ലസിനും ജിയോസ ട്രൂ 5 ജി ഉപയോക്താക്കൾക്കും കൂടുതൽ മികച്ച നെറ്റ്‌വർക്ക് അനുഭവവും നൽകാനാണ് വൺപ്ലസും ജിയോയും തമ്മിലുള്ള സഖ്യം ലക്ഷ്യമിടുന്നത്. ഈ സംരംഭങ്ങത്തെ ശക്തിപ്പെടുത്തുന്നതിന്, രണ്ട് ബ്രാൻഡുകളും അത്യാധുനിക 5 ജി ഇന്നോവേഷൻ ലാബ് നിർമിക്കുമെന്ന് പ്രഖ്യാപിച്ചു. സാധ്യമായതിന്റെ അതിരുകൾ ഭേദിക്കുന്നതിൽ തങ്ങൾ വിശ്വസിക്കുന്നുവെന്നും ജിയോയുമായുള്ള ഈ പങ്കാളിത്തം ആ പ്രതിബദ്ധതയുടെ തെളിവാണെന്നും വൺപ്ലസ് വക്താവ് പറഞ്ഞു. ഇന്ത്യയിലെ ഏറ്റവും മികച്ച 5ജി നെറ്റ്‌വർക്കാണ് ജിയോ ട്രൂ 5 ജിയെന്ന് ജിയോ വക്താവ് വ്യക്തമാക്കി.ജിയോ ട്രൂ 5 ജി ശക്തമായ ട്രൂ 5 ജി നെറ്റ്‌വർക്ക് ഉപയോഗിച്ച് രാജ്യം മുഴുവൻ കവറേജ് നൽകുന്നു . ഇന്ത്യയിലെ മൊത്തം 5ജി വിന്യാസത്തിന്റെ 85% ജിയോയാണ് നിർമ്മിച്ചിരിക്കുന്നത്. തങ്ങളുടെ ഉപയോക്താക്കൾക്ക് മാന്ത്രികമായ 5ജി അനുഭവങ്ങൾ പരിചയപ്പെടുത്തനുള്ള സമയമാണിതെന്നും ജിയോ വക്താവ് പറഞ്ഞു.പുതിയ ഫീച്ചറുകൾ വികസിസിപ്പിക്കുന്നതിലും പരീക്ഷണത്തിലും വിപ്ലവം സൃഷ്ടിക്കുന്നതിനൊപ്പം അന്തിമ ഉപയോക്താക്കളിലേക്ക് ഇത് വേഗത്തിൽ എത്തിക്കുന്നതിനുമായാണ് ഈ സഹകരണം സജ്ജീകരിച്ചിരിക്കുന്നത്.

# സംസ്ഥാനത്തെ ആദ്യ കഫേ കുടുംബശ്രീ പ്രീമിയം റസ്റ്ററന്റിന് അങ്കമാലിയിൽ തുടക്കമായി

**കൊച്ചി:** മേയ് പതിനേഴോടെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കഫേ കുടുംബശ്രീ റസ്റ്ററന്റുകൾ ആരംഭിക്കുമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം.ബി രാജേഷ് പറഞ്ഞു. കഫേ കുടുംബശ്രീ പ്രീമിയം ശൃംഖലകളുടെ സംസ്ഥാന തല ഉദ്ഘാടനം അങ്കമാലിയിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

കുടുംബശ്രീയുടെ മുഖമുദ്രയായ വിശ്വാസ്യത, കൈപുണ്യം എന്നിവ ഫലപ്രദമായി എങ്ങനെ ഉപയോഗപ്പെടുത്താം എന്ന ആശയത്തിൽ നിന്നാണ് കഫേ കുടുംബശ്രീ പ്രീമിയം ബ്രാന്റ് റസ്റ്ററന്റുകളുടെ ആരംഭം. അങ്കമാലിക്ക് ഒപ്പം തന്നെ വയനാട് മേപ്പാടി, ഗുരുവായൂർ എന്നിവിടങ്ങളിലും പ്രീമിയം ബ്രാൻഡ് റസ്റ്ററന്റുകൾ ആരംഭിക്കുകയാണ്. കുടുംബശ്രീയുടെ കൈപുണ്യം ലോകം ആകെ അംഗീകരിച്ച് കഴിഞ്ഞതാണ്. കേരളീയം പോലുള്ള മേളകളിൽ കുടുംബശ്രീ ഭക്ഷ്യ സ്റ്റാളുകളിലേക്ക് ജനലക്ഷങ്ങളാണ് ഒഴുകിയെത്തിയത്. സംസ്ഥാനത്തിന് പുറത്തും കുടുംബശ്രീ ഭക്ഷ്യമേളകൾ നടത്തണമെന്ന ആവശ്യം ഉയർന്നു കഴിഞ്ഞു. ഭാവിയിൽ ഇതു പരിഗണിക്കുമെന്നും മന്ത്രി പറഞ്ഞു.

സരസ്സ്, കേരളീയം തുടങ്ങിയ മേളകളിലൂടെ റെക്കോർഡ് വിൽപന കൈവരിക്കാൻ കുടുംബശ്രീക്ക് കഴിഞ്ഞു. കുടുംബശ്രീ മേളകളിലൂടെ ഹിറ്റായ വന സുന്ദരി, കൊച്ചി മൽഹാർ തുടങ്ങിയവ പ്രീമിയം റസ്റ്ററന്റിൽ ലഭ്യമാകും. അടിസ്ഥാന സൗകര്യങ്ങൾ, ശുചിത്വം, മാലിന്യ സംസ്ക്കരണം, പാഴ്സൽ സർവീസ്, കാറ്ററിങ്ങ്, ഓൺലൈൻ സേവനങ്ങൾ, അംഗപരിമിതർക്കുള്ള സൗകര്യങ്ങൾ, ശൗചാലയങ്ങൾ, പാർക്കിങ്ങ് തുടങ്ങി എല്ലാ മേഖലയിലും മുന്തിയ സൗകര്യങ്ങളോടെയാണ് പ്രീമിയം കഫേകൾ സജ്ജമാക്കിയിരിക്കുന്നത്.

2023 കുടുംബശ്രീക്ക് അഭിമാന നേട്ടങ്ങളുടെ വർഷമായിരുന്നു. നാല്പതു ലക്ഷത്തോളം വനിതകളെ പങ്കെടുപ്പിച്ചുകൊണ്ട് ബാക്ക് ടു സ്കൂൾ എന്ന ഐതിഹാസിക ക്യാമ്പയിൻ സംഘടിപ്പിക്കാൻ കഴിഞ്ഞു. ഈ കാലയളവിൽ നാല് ലോക റെക്കോഡുകൾ കരസ്ഥമാക്കി. 2024 ആദ്യമാസവും കുടുംബശ്രീ നേട്ടങ്ങളിലൂടെ മുന്നേറുകയാണ്. വർക്കലയിൽ നേച്ചർ ഫ്രഷ് വെജിറ്റബിൾ കിയോസ്ക് ആരംഭിച്ചു, കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ ബ്രാന്റിങ്ങിന് തുടക്കമായി, കഫേ കുടുംബശ്രീ പ്രീമിയം റസ്റ്ററന്റിനും തുടക്കമായി. സർഗാത്മകതയിലൂടെ തൊട്ടതെല്ലാം പൊന്നാക്കിയ പ്രസ്ഥാനമാണ് കുടുംബശ്രീ. 25 വർഷം കൊണ്ട് ലക്ഷ കണക്കിന് സ്ത്രീകളെ അടുക്കളയിൽ നിന്ന് അരങ്ങത്തേക്കെത്തിച്ച് സ്വയം പര്യാപ്തതയിലേക്ക് നയിക്കാൻ കുടുംബശ്രീക്കായി. വാട്ടർ മെട്രോ, മെട്രോ, മാലിന്യ സംസ്കരണം അങ്ങനെ എല്ലാ മേഖലകളിലും പ്രവർത്തിക്കാൻ കുടുംബശ്രീക്ക് കഴിഞ്ഞു. വിശ്വാസ്യതയും കൂട്ടായ്മയും മുൻ നിർത്തി സമൂഹത്തിലെ നല്ല മാറ്റങ്ങൾക്കായി കുടുംബശ്രീ മുന്നോട്ടു പോകണമെന്ന് മന്ത്രി പറഞ്ഞു.

പരിപാടിയിൽ തിരുനെല്ലി കുടുംബശ്രീ യൂണിറ്റിന്റെ പുതിയ വിഭവമായ ഗന്ധക ചിക്കന്റെ ആദ്യ വിപണനം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ജാഫർ മാലിക് നിർവഹിച്ചു. മന്ത്രി എം.ബി രാജേഷ് ഗന്ധക ചിക്കൻ രുചിച്ചു.

ചടങ്ങിൽ അങ്കമാലി നഗരസഭ ചെയർമാൻ മാത്യു തോമസ് അധ്യക്ഷത വഹിച്ചു. ബെന്നി ബഹനാൻ എം.പി മുഖ്യാതിഥിയായി. നഗരസഭ വൈസ് ചെയർപേഴ്സൺ റീത്താ പോൾ, ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ലിസി പോളി, വാർഡ് കൗൺസിലർ മാർട്ടിൻ മുണ്ടാടാൻ, കുടുംബശ്രീ ജില്ലാ മിഷൻ കോ ഓഡിനേറ്റർ ടി.എം റജീന, സംസ്ഥാന പ്രോഗ്രാം ഓഫീസർ എസ്. ശ്രീകാന്ത്, സി.ഡി.എസ് ചെയർപേഴ്സൺ ലില്ലി ജോണി, ഐഫ്രം സി.ഇ.ഒ കെ.പി അജയകുമാർ, അസിസ്റ്റന്റ് കോ ഓഡിനേറ്റർമാർ, കുടുംബശ്രീ പ്രവർത്തകർ, ജനപ്രതിനിധികൾ, രാഷ്ട്രീയ പ്രമുഖർ തുടങ്ങിയവർ പങ്കെടുത്തു.

## എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ അപൂർവ്വ ശസ്ത്രക്രിയ; ഇടുപ്പെല്ല് മാറ്റി സ്ഥാപിച്ചു

**കൊച്ചി:** അസ്ഥിരോഗ വിഭാഗത്തിൽ അപൂർവമായ ശസ്ത്രക്രിയ വിജയകരമായി നിർവഹിച്ച് എറണാകുളം സർക്കാർ മെഡിക്കൽ കോളേജിലെ അസ്ഥിരോഗ വിഭാഗം. അസ്ഥിരോഗ വിഭാഗം മേധാവി പ്രൊഫ.ഡോ.ജോർജ് കുട്ടിയുടെ നേതൃത്വത്തിലായിരുന്നു ശസ്ത്രക്രിയ.

ഒൻപതു വർഷം മുൻപ് റോഡ് അപകടത്തിൽ ഇടുപ്പെല്ല് പൂർണമായും ഒടിഞ്ഞ് ഇടുപ്പെല്ലിന്റെ കുഴ തെന്നിമാറിയ പറവൂർ ചെട്ടിക്കാട് സ്വദേശി ജോസഫി(53) നെയാണ് ഇടുപ്പെല്ല് അസറ്റാബുലർ പുനർനിർമാണ ശസ്ത്രക്രിയക്ക് വിധേയമാക്കിയത്.

മത്സ്യബന്ധന ബോട്ടിലെ തൊഴിലാളിയായിരുന്ന ജോസഫ് കഴിഞ്ഞ ഒൻപത് വർഷമായി തൊഴിൽ ചെയ്യാനാകാതെ ബുദ്ധിമുട്ടിലായിരുന്നു. എന്നാൽ ശസ്ത്രക്രിയയ്ക്ക് ശേഷം അദ്ദേഹത്തിന് പരസഹായം ഇല്ലാതെ നടക്കാനും ജോലി ചെയ്യാനും സാധിക്കുന്നുണ്ട്. ഇതേ അവസ്ഥ അനുഭവിക്കുന്നവർക്ക് എറണാകുളം മെഡിക്കൽ കോളേജിലെ അസ്ഥിരോഗ വിഭാഗം പ്രയോജനപ്രദമാകട്ടെ എന്ന് ജോസഫ് പറഞ്ഞു.

സ്വകാര്യ ആശുപത്രികളിൽ ലക്ഷങ്ങൾ ചെലവ് വരുന്ന ശസ്ത്രക്രിയ കാരുണ്യ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിലൂടെ സൗജന്യമായാണ് മെഡിക്കൽ കോളേജിൽ നടത്തിയത്.


## ഗ്ലോബൽ പബ്ലിക് സ്കൂളിനു ദേശീയ ഗ്രീൻ സർട്ടിഫിക്കറ്റ്

**കൊച്ചി:** ന്യൂഡെൽഹി സെന്റർ ഫോർ സയൻസ് ആൻഡ് എൻവയൺമെന്റി(സിഎസ്ഇ)ന്റെ ദേശീയ ഗ്രീൻ സർട്ടിഫിക്കറ്റിനു തിരുവാണിയൂർ ഗ്ലോബൽ പബ്ലിക്ക് സ്കൂൾ അർഹമായി. തുടർച്ചയായി രണ്ടാം തവണയാണ് ഗ്ലോബൽ പബ്ലിക് സ്കൂൾ ദേശീയ ഗ്രീൻ സർട്ടിഫിക്കറ്റ് കരസ്ഥമാക്കുന്നത്. ഈ മാസം 30നു ന്യൂഡൽഹി ഹാബിറ്റാറ്റ് സെന്ററിൽ നടക്കുന്ന ഗ്രീൻ സ്കൂൾസ് കാർണിവൽ 2024ൽ ബഹുമതി സമ്മാനിക്കും. സ്കൂളിന്റെ പരിസ്ഥിതി സൗഹൃദ സംരക്ഷണ സേവനങ്ങളും റിസോഴ്സസ് മാനേജ്മെന്റും വിലയിരുത്തിയാണ് സിഎസ്ഇ ഗ്രീൻ സർട്ടിഫിക്കറ്റ് സമ്മാനിക്കുന്നത്. വായു, വെള്ളം, ഊർജ്ജം, ഭക്ഷണം, മാലിന്യം, ഭൂമി തുടങ്ങി ആറു മേഖലകളിലെ പ്രവർത്തനങ്ങളും സമീപനങ്ങളുമാണ് സിഎസ്ഇ കർശന പരിശോധനയ്ക്കു വിധേയമാക്കി മൂല്യനിർണ്ണയം നടത്തിയത്. 6,7,8 ക്ലാസുകളിലെ വിദ്യാർത്ഥികൾ പരിസ്ഥിതി സൗഹൃദ സംരക്ഷണ പ്രവർത്തനങ്ങളിൽ ഭാഗഭാക്കായെന്ന് സ്കൂൾ അധികൃതർ വ്യക്തമാക്കി.

## ഗ്രോത്ത് പൾസ് നിലവിലുള്ള സംരംഭകർക്കുള്ള പരിശീലനം

**കൊച്ചി:** സംരംഭകർക്കായി വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ട് ആയ കേരള ഇൻസ്റ്റിട്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് 5 ദിവസത്തെ ഗ്രോത്ത് പൾസ് എന്ന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ഫെബ്രുവരി 20 മുതൽ 24 വരെ കളമശ്ശേരിയിലുള്ള കീഡ് ക്യാമ്പസിലാണ് പരിശീലനം സംഘടിപ്പിക്കുന്നത്. സംരംഭം തുടങ്ങി 5 വർഷത്തിൽ താഴെ പ്രവൃത്തി പരിചയമുള്ള സംരംഭകർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. മാർക്കറ്റിംഗ് സ്ട്രാറ്റജീസ്, ഫിനാൻഷ്യൽ മാനേജ്മെന്റ്, ജി എസ് ടി ആന്റ് ടാക്സേഷൻ, ഓപ്പറേഷണൽ എക്സലൻസ്, സെയിൽസ് പ്രോസസ് ആന്റ് ടീം മാനേജ്മെന്റ് തുടങ്ങി നിരവധി വിഷയങ്ങളാണ് പരിശീലനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 3,540 രൂപ ആണ് 5 ദിവസത്തെ പരിശീലനത്തിന്റെ ഫീസ്. താമസം ആവശ്യമില്ലാത്തവർക്ക് 1,500 രൂപയാണ് 5 ദിവസത്തെ പരിശീലനത്തിന്റെ ഫീസ്. പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ടവർക്ക് 2,000 രൂപ താമസം ഉൾപ്പെടെയും 1,000 രൂപ താമസം കൂടാതെയുമാണ് പരിശീലനത്തിന്റെ ഫീസ്. താത്പര്യമുള്ളവർ കീഡിന്റെ വെബ് സൈറ്റ് ആയ www.kied.Info ൽ ഓൺലൈനായി ഫെബ്രുവരി 15ന് മുമ്പ് അപേക്ഷ സമർപ്പിക്കണം. തിരഞ്ഞെടുക്കപ്പെടുന്ന 35 പേർ ഫീസ് അടച്ചാൽ മതി. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0484 2532890/2550322/7012376994

# ആത്മ ഫസ്റ്റ് ലുക്ക് പോസ്റ്റർ റിലീസായി




കൊച്ചി:സുഗീതിന്റെ സംവിധാനത്തിൽ നരേൻ നായകനാകുന്ന ആത്മ എന്ന ചിത്രത്തിന്റെ ടൈറ്റിൽ പോസ്റ്റർ നടൻ ജയം രവി തന്റെ സോഷ്യൽ മീഡിയയിലൂടെ റിലീസ് ചെയ്തു.
യു എ ഇ യിലെ കദ്രിസ് എന്റർടൈൻമെന്റിന്റെ ബാനറിൽ നജീബ് കാദിരിയാണ് ചിത്രത്തിന്റെ നിർമ്മാണം. സംവിധായകൻ സുശീന്ദ്രനാണ് തമിഴ്നാട്ടിൽ ചിത്രം റിലീസ് ചെയ്യുന്നത്. രാകേഷ് എൻ ശങ്കർ കഥയും തിരക്കഥയും കൈകാര്യം ചെയ്യുന്നു. കൈതി, വിക്രം തുടങ്ങിയ സിനിമകളിലെ മികച്ച പ്രകടനങ്ങളിലൂടെ സൗത്ത് ഇന്ത്യയിൽ മികച്ച നടന്മാരുടെ പട്ടികയിൽ ഇടം നേടിയ നരേൻ, ഓട്ടിസം ബാധിച്ച ഒരു ചെറുപ്പക്കാരന്റെ വെല്ലുവിളി നിറഞ്ഞ വേഷം വളരെ മികച്ച രീതിയിലാണ് അവതരിപ്പിച്ചിരിക്കുന്നത്. ദില്ലുക്കു ദുഡ്ഡു 2 എന്ന ചിത്രത്തിലൂടെ ശ്രദ്ധേയയായ മലയാളിയായ ശ്രദ്ധ ശിവദാസാണ് ഈ ചിത്രത്തിലെ നായിക. ബാല ശരവണൻ, കാളി വെങ്കട്ട്, കനിക, വിജയ് ജോണി തുടങ്ങി നിരവധി പ്രമുഖ താരങ്ങളും താരനിരയിൽ ഉൾപ്പെടുന്നു. ചിത്രത്തിന്റെ മറ്റൊരു പ്രത്യേകത ഫിലിപ്പിനോ താരങ്ങളായ ഷെറിസ് ഷീൻ അഗദും ക്രിസ്റ്റീൻ പെന്റിസിക്കോയും ചിത്രത്തിൽ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു എന്നതാണ്. ദുബായിലാണ് ചിത്രത്തിന്റെ ചിത്രീകരണം പൂർണമായി നടന്നത്. ചിത്രത്തിന്റെ അണിയറ പ്രവർത്തകർ ഇവരാണ് : എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ : ബദറുദ്ധീൻ പാണക്കാട്, കഥ, തിരക്കഥ : രാകേഷ് എൻ ശങ്കർ, ഡി ഓ പി : വിവേക് മേനോൻ, മ്യൂസിക് ഡയറക്ടർ : മാങ്കൽ സുവർണ്ണൻ, ശശ്വത് സുനിൽ കുമാർ, സൗണ്ട് എഞ്ചിനീയർ : ഫസൽ എ ബക്കർ, കളറിസ്റ്റ് : ലിജു പ്രഭാകർ, കോസ്റ്റ്യൂം ഡിസൈനർ : സരിതാ സുഗീത്, പ്രൊഡക്ഷൻ കൺട്രോളർ : ഹാരിസ് ദേശം, മേക്കപ്പ് : അമൽ, സൗണ്ട് ഡിസൈൻ : ഷിജിൻ മെൽവിൻ മാൻഹാത്തോൺ, അഭിഷേക് നായർ. ആത്മ ചിത്രത്തിന്റെ ഷൂട്ടിംഗ് പോസ്റ്റ് പ്രൊഡക്ഷൻ ജോലികൾ അതിവേഗം പുരോഗമിക്കുകയാണ്. ചിത്രത്തിന്റെ റിലീസ് തീയതിയുടെ ഔദ്യോഗിക പ്രഖ്യാപനം ഉടൻ ഉണ്ടാകും. പി ആർ ഒ പ്രതീഷ് ശേഖർ.



# പലേരി മാണിക്യം ഫോർ കെ പതിപ്പ് പ്രദർശനത്തിന്

മമ്മൂട്ടി ത്രിബിൾ റോളിൽ അഭിനയിച്ച് ഗംഭീരമാക്കി വൻ വിജയം നേടിയ, രഞ്ജിത്ത് സംവിധാനം ചെയ്ത ' പലേരി മാണിക്യം' വീണ്ടും പ്രദർശനത്തിനൊരുങ്ങുന്നു.സിനിമയുടെ ഏറ്റവും പുതിയശബ്ദ സാങ്കേതിക മികവോടെ 4സ പതിപ്പാണ് നിർമ്മാതാക്കൾ വീണ്ടും തിയ്യേറ്ററിലെത്തിക്കുന്നത്.മഹാ സുബൈർ നിർമ്മിക്കുന്ന ഈ ചിത്രം മൂന്നാം തവണയാണ് തിയ്യേറ്ററിലെത്തിക്കുന്നത്.2009ൽ സംസ്ഥാന അവാർഡുകൾ വാരിക്കൂട്ടിയ ഈ ചിത്രം, മമ്മൂട്ടിയുടെ അതുല്യ പ്രകടനം കാണാൻ ആരാധകർ ഇത്തവണയും തിയ്യേറ്ററുകളിലേക്കെത്തുമെന്നാണ് അണിയറ പ്രവർത്തകരുടെ പ്രതീക്ഷ.

സംഭാഷണ ശൈലിയിലും ശരീര ചലനങ്ങളിലും അടിമുടി വ്യത്യസ്ത നിറഞ്ഞ് കഥാപാത്രങ്ങളായി മമ്മൂട്ടി നിറഞ്ഞാടി.ആ വർഷത്തെ മികച്ച നടനുള്ള സംസ്ഥാന പുരസ്കാരവും മമ്മൂട്ടിയെ തേടിയെത്തി.മികച്ച നടിക്കുള്ള അവാർഡ് ശ്വേത മേനോനും കരസ്ഥമാക്കി.മൈഥിലി,ശ്രീനിവാസൻ, സിദ്ദിഖ്,സുരേഷ് കൃഷ്ണ, മുഹമ്മദ്മുസ്തഫ,ശശി കലിംഗ,ടി ദാമോദരൻ,വിജയൻ വി നായർ,ഗൗരി മുഞ്ജൽ തുടങ്ങിയവരാണ് ഈ ചിത്രത്തിലെ പ്രമുഖ താരങ്ങൾ.നിർമ്മാണംമഹാ സുബൈർ,ഏ വി അനൂപ്,ഛായാഗ്രഹണംമനോജ് പിള്ള, സംഗീതംശരത്, ബിജിബാൽ.കഥടി പി രാജീവൻ.

# പഞ്ചായത്ത് ജെട്ടി



സപ്തത രംഗ് ക്രിയേഷൻസ് പ്രൈവറ്റ് ലിമിറ്റഡ് ഇൻ അസോസിയേഷൻ വിത്ത് ഗോവിന്ദ് ഫിലിംസിന്റെ ബാനറിൽ മറിമായം താരങ്ങളായ മണികണ്ഠൻ പട്ടാമ്പി,സലിം ഹസ്സൻ എന്നിവർ ചേർന്ന് സംവിധാനം ചെയ്യുന്ന 'പഞ്ചായത്ത് ജെട്ടി ' എന്നചിത്രത്തിന്റെ ചിത്രീകരണം കൊച്ചിയിൽ പൂർത്തിയായി.മണികണ്ഠൻ പട്ടാമ്പി,സലിം ഹസ്സൻ,നിയാസ് ബക്കർ,വിനോദ് കോവൂർ,ഉണ്ണിരാജ്, മണി ഷൊർണ്ണൂർ, റിയാസ്,രാഘവൻ, സജിൻ,സെന്തിൽ, അരുൺ പുനലൂർ, ആദിനാട് ശശി,ഉണ്ണി നായർ,രചന നാരായണൻകുട്ടി, സ്നേഹശ്രീകുമാർ, വീണാ നായർ,രശ്മി അനിൽ,കുളപ്പുള്ളിലീല,സേതുലക്ഷ്മിയമ്മ,ഷൈനി സാറ,പൗളി വിത്സൻ കൂടാതെ അമ്പതിലധികം നടീനടന്മാരും 'പഞ്ചായത്ത് ജെട്ടിയിൽ അഭിനയിക്കുന്നു.ക്രിഷ് കൈമൾ ഛായാഗ്രഹണം നിർവഹിക്കുന്നു.സന്തോഷ് വർമ്മ എഴുതിയ വരികൾക്ക് രഞ്ജിൻ രാജ് സംഗീതം പകരുന്നു.എഡിറ്റിംഗ് ശ്യാം ശശിധരൻ,എക്സിക്യൂട്ടീവ് പ്രൊഡ്യൂസർപ്രേം പെപ്കോ,ബാലൻ കെ മങ്ങാട്ട്,പ്രൊഡക്ഷൻ കൺട്രോളർബാബുരാജ് മനിശ്ശേരി,ആർട്ട് സാബുമോഹൻ,മേക്കപ്പ്ഹസ്സൻ വണ്ടൂർ,കോസ്റ്റ്യൂം ഡിസൈനർ അരുൺ മനോഹർ,സ്റ്റിൽസ്സലീഷ് പെരിങ്ങോട്ടുകര, പരസ്യകലയെല്ലോ ടൂത്ത്സ്,സൗണ്ട് ഡിസൈൻഅരുൺ വർമ്മ,ചീഫ് അസോസിയേറ്റ് ഡയറക്ടർരാജേഷ് അടൂർ,പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്പ്രഭാകരൻ കാസർക്കോട്, പ്രൊഡക്ഷൻ മാനേജർ അതുൽ.സമകാലിക സംഭവങ്ങളെ വിശകലനം ചെയ്ത് തനതായ ശൈലിയിൽ നർമ്മത്തോടെ വിലയിരുത്തി അവതരിപ്പിച്ച് കൊണ്ട് വർഷങ്ങളായി പ്രേക്ഷക ഹൃദയങ്ങൾ കീഴടക്കിയ ' മറിമായം ' പരമ്പരയിലെ എല്ലാ താരങ്ങളും അഭിനയിക്കുന്ന ചിത്രമാണ് 'പഞ്ചായത്ത് ജെട്ടി'.പിആർ ഒഎ എസ് ദിനേശ്.

# അയ്യർ ഇൻ അറേബ്യ




മുകേഷ്, ഉർവ്വശി,ധ്യാൻ ശ്രീനിവാസൻ, ഷൈൻ ടോം ചാക്കോ, ദുർഗ്ഗാ കൃഷ്ണ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി എം എ നിഷാദ് തിരക്കഥയെഴുതിസംവിധാനം ചെയ്യുന്ന 'അയ്യർ ഇൻ അറേബ്യ ' എന്ന ചിത്രത്തിന്റെ ഒഫീഷ്യൽ ട്രെയിലർ റിലീസായി.ഫെബ്രുവരി രണ്ടിന് പ്രദർശനത്തിനെത്തുന്നു ഈ ചിത്രം വെൽത്ത് ഐ പ്രൊഡക്ഷൻസിന്റെ ബാനറിൽ വിഘ്നേഷ് വിജയകുമാർ നിർമ്മിക്കുന്നു.ജാഫർ ഇടുക്കി, അലൻസിയർ, മണിയൻ പിള്ള രാജു, കൈലാഷ്, സുധീർ കരമന, സോഹൻ സീനുലാൽ, ഉല്ലാസ് പന്തളം, ജയകൃഷ്ണൻ, സിനോജ് സിദ്ധിഖ്, ജയകുമാർ, ഉമ നായർ, ശ്രീലത നമ്പൂതിരി, രശ്മി അനിൽ, വീണ നായർ, നാൻസി,ദിവ്യ എം. നായർ, ബിന്ദു പ്രദീപ്, സൗമ തുടങ്ങിയവരാണ് മറ്റു പ്രമുഖ താരങ്ങൾ.

തന്റെ സിനിമ ജീവിതത്തിന്റെ ഇരുപത്തിയഞ്ചാം വർഷത്തിലാണ് അയ്യർ ഇൻ അറേബ്യ എന്ന ചിത്രവുമായി എം.എ നിഷാദ് വരുന്നത്. ഒരു നീണ്ട ഇടവേളക്കു ശേഷം മുകേഷും ഉർവശിയും ഒന്നിക്കുന്ന ചിത്രം കൂടിയാണിത്. ഒരു മുഴുനീള കോമഡി എന്റർടൈനർ ചിത്രമായ അയ്യർ ഇൻ അറേബ്യയുടെ ഛായാഗ്രഹണംസിദ്ധാർത്ഥ് രാമസ്വാമി, വിവേക് മേനോൻ എന്നിവർ ചേർന്ന്നിർവ്വഹിക്കുന്നു.പ്രഭാ വർമ്മ,റഫീഖ് അഹമ്മദ്,ബി കെ ഹരിനാരായണൻ, മനു മഞ്ജിത് എന്നിവരുടെ വരികൾക്ക് ആനന്ദ് മധുസൂദനൻ സംഗീതം പകരുന്നു.എഡിറ്റർ ജോൺകുട്ടി.

പ്രൊഡക്ഷൻ കൺട്രോളർബിനു മുരളി, കലാസംവിധാനം പ്രദീപ് എം വിമേക്കപ്പ് സജീർ കിച്ചു. കോസ്റ്റ്യൂംഅരുൺ മനോഹർ, അസ്സോസിയേറ്റ് ഡയറക്ടർപ്രകാശ് കെ മധു.സ്റ്റിൽസ് നിദാദ്,ഡിസൈൻസ് യെല്ലോടൂത്ത്,സൗണ്ട് ഡിസൈൻ രാജേഷ് പി.എം,ശബ്ദലേഖനം ജിജുമോൻ ടി. ബ്രൂസ്.പി ആർ ഒഎ എസ് ദിനേശ്.



## കൂവപ്പൊടി മുതൽ കടൽപായൽ ഉൽപന്നങ്ങൾ വരെ

# സിഎംഎഫ്ആർഐ വിപണന കേന്ദ്രം പൊതുജനങ്ങൾക്കായി തുറന്നു

**കൊച്ചി:** കേരളത്തിനകത്തും പുറത്തുമുള്ള വിവിധ കർഷകസംഘങ്ങളിൽ നിന്ന് നേരിട്ടെത്തിച്ച ഗുണമേൻമ ഉറപ്പുവരുത്തിയ ഉൽപന്നങ്ങളുമായി സിഎംഎഫ്ആർഐയുടെ വിപണന കേന്ദ്രം പൊതുജനങ്ങൾക്കായി തുറന്നു. ആരോഗ്യ സംരക്ഷണത്തിനുതകുന്ന വിഭവങ്ങളും മായമില്ലാത്ത നിതേ്യാപയോഗ ഭക്ഷേ്യാൽപന്നങ്ങളും വിപണന കേന്ദ്രത്തിൽ ലഭിക്കും.

സിഎംഎഫ്ആർഐയുടെ അഗ്രികൾച്ചറൽ ടെക്നോളജി ഇൻഫർമേഷൻ സെന്ററിന് കീഴിൽ പ്രവർത്തിക്കുന്ന വിപണന കേന്ദ്രത്തിന്റെ ഉദ്ഘാടനം ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണൻ നിർവഹിച്ചു.വൃത്തിയാക്കിയ മീൻ, ഉണക്കമീൻ, ഇറച്ചി, പൊക്കാളി ഉൾപ്പെടെയുള്ള വിവിധയിനം അരികൾ, കല്ലുമ്മക്കായ, കൂവപ്പൊടി, കപ്പ ഉൽപന്നങ്ങൾ, ചക്കയുടെ വിവിധ മൂല്യവർധിത ഉൽപന്നങ്ങൾ, തേൻ, കർണാടകയിൽ നിന്നെത്തിച്ച ചെറുധാന്യങ്ങൾ, എണ്ണകൾ, സുഗന്ധവ്യഞ്ജനങ്ങൾ, പലഹാരങ്ങൾ, അച്ചാറുകൾ തുടങ്ങി എണ്ണമറ്റ ഉൽപന്നങ്ങൾ വിപണന കേന്ദ്രത്തിൽ ലഭ്യമാണ്. പ്രവൃത്തിദിവസങ്ങളിൽ രാവിലെ 10 മുതൽ 7 വരെയാണ് പ്രവർത്തന സമയം.പ്രമേഹം, കൊളസ്ട്രോൾ, സന്ധിവേദന, രക്തസമർദ്ദം തുടങ്ങി ജീവിതശൈലീ രോഗങ്ങളെ പ്രതിരോധിക്കാനായി കടൽപായലിൽ നിന്നും സിഎംഎഫ്ആർഐ വികസിപ്പിച്ച ന്യൂട്രാസ്യൂട്ടിക്കൽ ഉൽപന്നങ്ങൾ വിപണന കേന്ദ്രത്തിൽ ലഭിക്കും.കാർഷിക സർവകലാശാലയിൽ നിന്നെത്തിച്ച ചോക്കളേറ്റ്, കശുമാങ്ങ പാനീയം ഉൾപ്പെടെയുള്ള വിവിധ ഉൽപന്നങ്ങളും സ്പൈസസ് ബോർഡ് ഉൽപന്നങ്ങളായ ഗുണമേൻമയുള്ള ഏലക്കായ, കുരുമുളക്, കുർക്കുമിൻ അളവ് കൂടുതലായുള്ള മഞ്ഞൾപ്പൊടി തുടങ്ങിയവയുമുണ്ട്. ലക്ഷദ്വീപ് വെളിച്ചെണ്ണ, വിനാഗിരി, ചൂര ഉൽപന്നങ്ങളും നാളികേര വികസന ബോർഡിന്റെ തേങ്ങാ ചിപ്സ് അടക്കമുള്ള വിഭവങ്ങളും ലഭ്യമാണ്.കൂടാതെ, ചെറുകിട കർഷകർക്കും അടുക്കളത്തോട്ടമൊരുക്കുന്നവർക്കും മണ്ണിര കമ്പോസ്റ്റ്, ജൈവവളം, പച്ചക്കറി വിത്തുകൾ എന്നിവയും വിപണന കേന്ദ്രത്തിൽ ലഭ്യാമാണ്.കേന്ദ്ര സുഗന്ധവിള ഗവേഷണ സ്ഥാപനം, കേന്ദ്ര മത്സ്യസാങ്കേതിക ഗവേഷണ സ്ഥാപനം (സിഫ്റ്റ്), വെറ്റിനറി സർവകലാശാല, കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, കേന്ദ്ര കിഴങ്ങ് വിള ഗവേഷണ സ്ഥാപനം തുടങ്ങിയ സ്ഥാപനങ്ങൾക്ക് കീഴിലെ കർഷകസംഘങ്ങളുടെയും സംരംഭകരുടെയും വിവിധ ഉൽപന്നങ്ങൾ വിപണന കേന്ദ്ര ത്തിൽ ലഭ്യമാണ്.

# ആമസോൺ ഉപഭോക്താക്കളുടെ എണ്ണത്തിൽ 150% വർധന

**തിരുവനന്തപുരം:** ഉപഭോക്താക്കളുടെ എണ്ണത്തിൽ 150% വർധന കൈവരിച്ചതായി ആമസോൺ ബിസിനസ് ഡയറക്ടർ സുചിത് സുഭാഷ് പറഞ്ഞു.. 2017 ൽ പ്രവർത്തനം തുടങ്ങിയ ആമസോണിന്റെ വളർച്ചയുടെ ഏറിയ ഭാഗവും ടയർ 2, ടയർ 3 നഗരങ്ങളിലാണ്. ആമസോണിന്റെ വാങ്ങൽ ഉപഭോക്താക്കളിൽ 65% പേരും ചെറിയ നഗരങ്ങളിൽ നിന്നാണ്.

ആമസോൺ പ്രൈം കസ്റ്റമർ വിഹിതം മുൻവർഷത്തേതിലും 2 ശതമാനം വർധിച്ച് 57 ശതമാനമായി. 2021 ൽ ഇത് 50% മാത്രമായിരുന്നു. കഴിഞ്ഞ 6 വർഷത്തിൽ, ആൻഡ്രോയിഡ്, ഐഒഎസ് ഒപ്റ്റിമൈസ്ഡ് മൊബൈൽ ആപ്പ് വഴിയുള്ള ബിസിനസ് ഉപഭോക്താക്കൾക്കു സംഭരണം ലളിതമാക്കുന്നതിനും ചെലവ് കുറയ്ക്കുന്നതിനുമായി വിവിധ ഫീച്ചറുകൾ കൂട്ടിച്ചേർത്തത് ആമസോൺ ബിസിനസിനു വലിയ തോതിൽ തുണയായി. ടയർ 1 നഗരങ്ങളിൽ 2022 ൽ 65% മാത്രമായിരുന്ന മൊബൈൽ അഡോപ്ഷൻ പിറ്റേക്കൊല്ലം 69 % ആയി. ടയർ2,3 നഗരങ്ങളിൽ 71 ശതമാനമായിരുന്ന മൊബൈൽ അഡോപ്ഷൻ 2023 ൽ 73 ശതമാനമായി ഉയർന്നു.മാർക്കറ്റ് പ്ലേസ് ഉപയോഗിക്കുന്ന മേഖലകളിൽ 43% ഉൽപന്നങ്ങളും രണ്ടു ദിവസത്തിനകം അയയ്ക്കാൻ ആമസോണിനു കാര്യക്ഷമതയുണ്ട്. 99.5 ശതമാനം പിൻകോഡുകളിലും സുഗമമായ ഡെലിവറി ആമസോണിനു സാധ്യമാക്കാനായി. വെർച്ചൽ ക്രെഡിറ്റിനായി 2023 ൽ ആമസോൺ പേ വഴി രജിസ്റ്റർ ചെയ്തത് ഒരു ലക്ഷത്തിലേറെ പേരാണെന്നും കണക്കുകൾ വ്യക്തമാക്കുന്നു.ആമസോൺ ബിസിനസ് പ്ലാറ്റ്ഫോമിൽ സുഗമമായ ഷോപ്പിംഗ് അനുഭവം ഉറപ്പാക്കാനായതിൽ അഭിമാനമുണ്ടെന്നുംബി 2 ബി മേഖലയുടെ വളർച്ചയ്ക്ക് ഊർജം പകരാനുള്ള ശ്രമങ്ങൾ ശരിയായ ദിശയിലാണെന്നും ആ ഇക്കൊല്ലം ആമസോൺ ബിസിനസ്, എം എസ് എം ഇകളെയും വൻകിട സംരംഭങ്ങളെയും കൂടുതൽ ശാക്തീകരിക്കുമെന്നും സുചിത് സുഭാഷ് പറഞ്ഞു.

# വൈസർ എഐ ക്ക് 5,00,000 ഡോളർ ഏഞ്ചൽ ഫണ്ടിങ്ങ്

**കൊച്ചി:** ഉപഭോക്തൃ സേവന രംഗത്ത് ജനറേറ്റീവ് എ.ഐ പ്ലാറ്റ്ഫോമായ വൈസർ എ.ഐ ക്ക് 5,00,000 ഡോളർ ഏഞ്ചൽ ഫണ്ടിങ്ങ് ലഭിച്ചു. ഐഐടി/ഐഐഎം പൂർവ്വ വിദ്യാർത്ഥികളും സംരംഭകരുമായ സിരീഷ് കൊസരാജും രാജേഷ് പടിഞ്ഞാറേമഠവും സ്ഥാപിച്ച വൈസർ എ.ഐ ബാംഗ്ലൂർ, കൊച്ചി ഇൻഫോപാർക്ക് എന്നിവ ആസ്ഥാനമായാണ് പ്രവർത്തിക്കുന്നത്.അപ്സ്പാർക്സ് ക്യാപിറ്റൽ ബാംഗ്ലൂർ, കേരള ഏഞ്ചൽ നെറ്റ്വർക്ക് പ്രസിഡന്റ് രവീന്ദ്രനാഥ് കമ്മത്ത്, മെറ്റാ, ആമസോൺ, ഇൻട്യൂട്ട് എന്നിവയുടെ എക്സിക്യൂട്ടീവുകൾ, ആസ്പയർ ഗ്രൂപ്പ്, ഹാർമണികെയേഴ്സ് മെഡിക്കൽ ഗ്രൂപ്പിന്റെ സി.എം.ഒ നിതീഷ് കൊസരാജു എന്നിവർ ചേർന്നാണ് ഫണ്ടിങ്ങ് നൽകുന്നത്.വൈസർ എഐയുടെ പ്രധാന ഉൽപ്പന്നമായ സി.എക്സ് ഹബ് (ഇഃ ഔയ), ഉപഭോക്തൃ സേവന രംഗത്ത് നിർമ്മിത ബുദ്ധിയും ഓട്ടോമേഷനും പ്രയോജനപ്പെടുത്തും. ഉപഭോക്തൃ സേവന ആവശ്യങ്ങൾ വിശകലനം ചെയ്യുക, പ്രശ്നങ്ങൾ മുൻകൂട്ടി കണ്ട് പരിഹരിക്കുക, സങ്കീർണ്ണമാവുന്നത് തടയുക എന്നിവയാണ് സി.എക്സ് ഹബ്ബിന്റെ പ്രവർത്തനം. ഇതിന്റെ ഭാഗമായി വികസിപ്പിച്ച വൈസർ ഏജന്റ് അസിസ്റ്റ് സേവനങ്ങളുടെ ആഴത്തിലുള്ള വിശകലനവും മുൻകാലത്തെ പ്രസക്തമായ സേവന വിവരങ്ങളും നൽകും. പരിഹാരങ്ങൾ നിർദ്ദേശിക്കാനും ഇമെയിലുകൾ സ്വയമേവ ഡ്രാഫ്റ്റ് ചെയ്യാനും വൈസർ ഏജന്റ് അസിസ്റ്റിന് കഴിയും.മറ്റൊരു സവിശേഷതയായ വൈസർ ഓട്ടോ സോൾവിന് പ്രശ്ന പരിഹാരം ഓട്ടോമേറ്റ് ചെയ്ത് സർവീസ് ഏജന്റുമാർക്കുള്ള ജോലിഭാരം 45% വരെ കുറയ്ക്കാൻ സാധിക്കും.ഈ ഫണ്ടിംഗ് പ്ലാറ്റ്ഫോമിന്റെ വികസനത്തിന് വേഗത കൂട്ടാനും വിപണി വിപുലീകരിക്കാനും സഹായകരമാവുമെന്ന് വൈസർസഹസ്ഥാപകൻ സിരീഷ് കൊസരാജു പറഞ്ഞു.ഉപഭോക്തൃ സേവന രംഗത്തിന്റെ ഭാവിക്കുള്ള ഫണ്ടിങ്ങാണിതെന്ന് അപ്സ്പാർക്സ് ക്യാപിറ്റൽ സ്ഥാപക പങ്കാളിയായ മുഹമ്മദ് ഫറാസ് പറഞ്ഞു.

